"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി ആയിഷാബി കൊളക്കാടന് PMAY(U) പദ്ധതി പ്രകാരം അനുവദിച്ച വീട് നിർമ്മിച്ച സ്ഥലത്തു നിന്നും ഒരു സെന്റ് സ്ഥലം വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.357/2025/LSGD    തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1185/2024/ത.സ്വ.ഭ.വ. തീയതി 01.07.2024

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.12.2024 ലെ LSGD/PD/41588/2024-CSSA4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി ആയിഷാബി കൊളക്കാടനു് പെരിന്തൽമണ്ണ നഗരസഭയിൽ നിന്ന് 2017-18 വർഷത്തെ പി.എം.എ.വൈ. (നഗരം) പദ്ധതി പ്രകാരം വീട് അനുവദിക്കുകയും, നഗരസഭയുമായി കരാറിൽ ഏർപ്പെട്ട് വീട് പൂർത്തീകരിക്കുകയും ചെയ്തിരുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം, ടി വസ്തുവിൽ നിന്നും ഒരു സെന്റ് സ്ഥലം വിൽക്കുന്നതിന് അനുമതിയ്ക്കായി ടിയാൾ നഗരസഭയിൽ അപേക്ഷ നൽകിയതിനെത്തുടർന്ന് സ്ഥലപരിശോധന നടത്തിയതിൽ, വീട് നിർമ്മാണ പൂർത്തീകരണ സൈറ്റ് പ്ലാൻ പ്രകാരം ടി സ്ഥലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കെ.എം.ബി.ആർ. റൂൾ 20(4) ടേബിൾ 4, ചട്ടം 4(1) എന്നിവ പ്രകാരം ടി കെട്ടിടത്തിലേയ്ക്കുള്ള സുഗമമായ വഴി എന്നിവ ഉറപ്പുവരുത്തിക്കൊണ്ട്, ബാക്കി സ്ഥലം വിൽക്കുന്നതിന് തടസ്സമില്ല എന്ന് നഗരസഭ കണ്ടെത്തുകയും, പരാമർശം 1 പ്രകാരം രൂപീകരിച്ച ജില്ലാതല സമിതി ഈ വിഷയം പരിഗണിച്ച് സർക്കാർ പരിഗണനയ്ക്ക് അയയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. ശ്രീമതി ആയിഷാബിക്ക് PMAY(U) പദ്ധതി പ്രകാരം അനുവദിച്ച വീട് നിർമ്മിച്ച സ്ഥലത്തു നിന്നും ഒരു സെന്റ് സ്ഥലം വിൽക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ആയിഷാബി കൊളക്കാടൻ ഭവനരഹിതയാകുന്നില്ല എന്നതിനാൽ, ടിയാൾക്ക് PMAY(U) പദ്ധതി പ്രകാരം അനുവദിച്ച വീട് നിർമ്മിച്ച സ്ഥലത്തു നിന്നും ഒരു സെന്റ് സ്ഥലം വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
ശ്രീമതി ആയിഷാബി, കൊളക്കാടൻ ഹ്സ്, പൊന്ന്യകുർശ്ശി, ദുബായ് പടി,
പെരിന്തൽമണ്ണ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 05-02-2025 12:14:11
സെക്ഷൻ ഓഫീസർ